ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:19.09.2025

## പ്രധാനവാർത്തകൾ

1) രാജ്യത്തിന്റെ സാമ്പത്തിക രംഗത്ത് മത്സ്യബന്ധന മേഖലയ്ക്ക് സുപ്രധാന സ്ഥാനമെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്. തീരദേശമേഖലയെ മാറ്റിനിർത്തിയുള്ള ഒരു വികസനവും കേരളത്തിനില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

2) സംസ്ഥാനത്തെ പോലീസ് മർദ്ദനങ്ങളിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ ബഹളം.

3) ഓൺലൈൻ ഡെലിവറി നടത്തുന്ന ഗിഗ് തൊഴിലാളികളുടെ സംരക്ഷണം ഉറപ്പാക്കാൻ ബില്ല് കൊണ്ടുവരുന്നത് പരിഗണനയിലെന്ന് മന്ത്രി വി ശിവൻകുട്ടി.

4) ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ അഞ്ചാം പതിപ്പിന് ഇന്ന് ആലപ്പുഴ കൈനകരിയിൽ തുടക്കമാകും. മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

5) ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഒമാനെ നേരിടും.

GST നിരക്കുകൾ

RNU TVPM

രാജ്യത്ത് പുതിയ ചരക്ക് സേവന നികുതി നിരക്കുകൾ തിങ്കളാഴ്ച മുതൽ പ്രാബല്യത്തിൽ. ഇതിന് മുന്നോടിയായി ഉപഭോക്തൃകാര്യ, ഭക്ഷ്യ, പൊതുവിതരണ മന്ത്രാലയം ഉൽപാദകർക്കും, ഇറക്കുമതിക്കാർക്കും, വിതരണക്കാർക്കുമായി മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഈ മാസം 22-ന് മുമ്പ് നിർമ്മിച്ച, ഇനിയും വിൽക്കാനുള്ള ഉൽപ്പന്നങ്ങളിൽ പുതുക്കിയ വില സ്റ്റിക്കറുകൾ പതിപ്പിക്കണം. അതേസമയം പാക്കേജിൽ നേരത്തേ ഉള്ള പഴയ MRP വ്യക്തമായിരിക്കുകയും വേണം.

❁❁❁❁❁❁❁❁❁❁❁❁❁

**മുഖ്യമന്ത്രി - ബ്ലൂ ഇക്കോണമി ( ഇൻട്രോ )**

സുസ്ഥിരതയുടെയും വികസനത്തിന്റെയും യാത്രയിൽ ഒന്നിച്ചു മുന്നേറാൻ യൂറോപ്യൻ യൂണിയനെ ക്ഷണിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. പുനരുപയോഗ ഊർജ്ജ മേഖലയിൽ യൂറോപ്യൻ യൂണിയന്റെ അനുഭവ പരിചയം സംസ്ഥാനത്തിന് പ്രയോജനപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. കേരള - യൂറോപ്യൻ യൂണിയൻ ബ്ലൂ ഇക്കോണമി കോൺക്ലേവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. തീരമേഖലയെ മാറ്റിനിർത്തിയുള്ള ഒരു വികസനവും കേരളത്തിനില്ലെന്നും മത്സ്യബന്ധന മേഖലയെ ശക്തിപ്പെടുത്താൻ നിരവധി നടപടികൾ സ്വീകരിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

RNUTVPM

( വോയിസ് മുഖ്യമന്ത്രി )

## കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ

രാജ്യത്തിന്റെ സാമ്പത്തിക രംഗത്ത് മത്സ്യബന്ധന മേഖലയ്ക്ക് സുപ്രധാന സ്ഥാനമെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്. കേന്ദ്ര നടപടികളുടെ ഭാഗമായി ഇന്ത്യയുടെ മത്സ്യോത്പാദനം 19.5 മില്യൺ ടൺ ആയി ഉയർത്താൻ സാധിച്ചതായി അദ്ദേഹം തിരുവനന്തപുരത്ത് ബ്ലൂ ഇക്കോണമി കോൺക്ലേവിൽ വ്യക്തമാക്കി. കേരളവും യൂറോപ്പ്യൻ യൂണിയൻ രാജ്യങ്ങളുമായുള്ള സഹകരണം അവസരങ്ങളുടെ വലിയ മേഖല തുറക്കുമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ചടങ്ങിൽ സന്നിഹിതനായിരുന്നു.

## മന്ത്രി എം ബി രാജേഷ്

പ്ലാസ്റ്റിക് ഗ്ലാസ്സുകൾ നിരോധിച്ചതിനെ തുടർന്ന് വ്യാപകമായി ഉപയോഗിക്കുന്ന, പ്ലാസ്റ്റിക് കോട്ടിങ്ങോടു കൂടിയ പേപ്പർ കപ്പുകൾ ഉൾപ്പെടെയുള്ള ഡിസ്പോസബിൾ വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കാൻ ശക്തമായ അവബോധ പരിപാടികൾ നടക്കുന്നതായി മന്ത്രി എം ബി രാജേഷ്. ഇത്തരം പേപ്പർ ഗ്ലാസ്സുകൾ സൃഷ്ടിക്കുന്ന ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച്

RNU TVPM

നിയമസഭയിൽ മാത്യു ടി. തോമസ് എം.എൽ.എ.യുടെ ശ്രദ്ധ ക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

---

**അസംബ്ലി-ഇൻട്രോ**

സംസ്ഥാനത്തെ പോലീസ് മർദ്ദനങ്ങളിൽ പ്രതിഷേധിച്ചുള്ള എംഎൽഎമാരുടെ സത്യാഗ്രഹത്തിൽ നടപടിയില്ലെന്ന് ആരോപിച്ച് പ്രതിപക്ഷം നിയമസഭ ബഹിഷ്ക്കരിച്ചു.

***വിശദാംശങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി***

***(വോയിസ്)***

RNU TVPM

---

**വി ഡി സതീശൻ**

പൊലീസ് മർദ്ധനങ്ങൾക്ക് എതിരായി യുഡിഎഫിൻറെ നേതൃത്വത്തിൽ സമരം ശക്തമാക്കുമെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ. അതേസമയം, കേരളത്തിൽ തീവ്ര വോട്ടർപട്ടിക പരിഷ്ക്കാരത്തെ സംസ്ഥാന സർക്കാരിനോട് ഒപ്പം ചേർന്ന് എതിർക്കുമെന്നും പ്രതിപക്ഷ നേതാവ് മാധ്യമങ്ങളോട് പറഞ്ഞു.

---

## മന്ത്രി വി. ശിവൻകുട്ടി-നിയമസഭ

ഓൺലൈൻ ഡെലിവറി നടത്തുന്ന ഗിഗ് തൊഴിലാളികളുടെ സംരക്ഷണം ഉറപ്പാക്കാൻ ബില്ല് കൊണ്ടുവരുന്നത് പരിഗണനയിലെന്ന് മന്ത്രി വി ശിവൻകുട്ടി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് മികച്ച സൗകര്യങ്ങളാണ് സംസ്ഥാനത്ത് ലഭിക്കുന്നതെന്നും അദ്ദേഹം നിയമസഭയിൽ പറഞ്ഞു. തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധനകൾ നടക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രി വി. ശിവൻകുട്ടി-ആരോഗ്യം

നിയമസഭയിലെ ചോദ്യോത്തര വേളയിൽ മറുപടി പറയുന്നതിനിടെ ശാരീരിക ബുദ്ധിമുട്ട് അനുഭവപ്പെട്ട മന്ത്രി വി. ശിവൻകുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മന്ത്രി ശിവൻകുട്ടിക്ക് പകരം മന്ത്രി എം.ബി രാജേഷാണ് സഭയിൽ ചോദ്യോത്തര വേളയിൽ മറുപടി നൽകിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## ആഗോള അയ്യപ്പ സംഗമം

തിരുവിതാംകൂർ ദേവസ്വം ബോർഡിൻ്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പമ്പയിൽ നാളെ സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പ സംഗമം മുഖ്യമന്ത്രി

RIJU TVPM

പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 16 രാജ്യങ്ങളിൽ നിന്നായി 3,000 -ത്തോളം പ്രതിനിധികൾ പങ്കെടുക്കും. അയ്യപ്പ സംഗമത്തിലൂടെ ശബരിമലയെ ആഗോള തീർത്ഥാടന കേന്ദ്രമാക്കുകയാണ് ലക്ഷ്യമിടുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**സ്വച്ഛത ഇ സേവ-കോഴിക്കോട്**

സ്വച്ഛത ഹി സേവ കാമ്പയിനിന്റെ ഭാഗമായി കോഴിക്കോട് റയിൽവേ സ്റ്റേഷനിൽ നിന്നും ബീച്ച് വരെ വാക്കത്തോൺ സംഘടിപ്പിച്ചു. ദക്ഷിണ റയിൽവേ ഡിവിഷണൽ മാനേജർ ബ്രയൺ ജോൺ ഫ്ലാഗ് ഓഫ് ചെയ്തു. സ്റ്റേഷൻ മാനേജർ സി.കെ. ഹരീഷ് നേതൃത്വം നൽകി.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**അനൗൺസ്മെന്റ്**

സേവാ പർവിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക ചർച്ച ഇന്ന് ഉച്ചയ്ക്ക് 1.45 ന് പ്രക്ഷേപണം ചെയ്യും. ഇന്നത്തെ ചർച്ചയിൽ രാജ്യത്തെ സാമ്പത്തിക പരിഷ്കാരങ്ങളെ കുറിച്ച് കേന്ദ്ര സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. ജി ഗോപകുമാർ സംസാരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**ലക്ഷദ്വീപ്- മത്സ്യബന്ധനം**

ലക്ഷദ്വീപിലെ മത്സ്യബന്ധന മേഖലയുടെ വികസനം സംബന്ധിച്ച അവലോകന യോഗം നാളെ കൊച്ചിയിൽ സംഘടിപ്പിക്കും. കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ തുടങ്ങിയവർ പങ്കെടുക്കും. ട്യൂണ മത്സ്യബന്ധനം, കടൽപ്പായൽ, അലങ്കാര മൽസ്യങ്ങൾ എന്നീ മേഖലകളിലാണ് യോഗം ശ്രദ്ധ കേന്ദ്രീകരിക്കുക.

❁❁❁❁❁❁❁❁❁❁❁❁❁

**ആലപ്പുഴ(ഇൻട്രോ)**

ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ അഞ്ചാം പതിപ്പിന് ഇന്ന് ആലപ്പുഴ കൈനകരി ജലോത്സവത്തോടെ തുടക്കമാകും. ഉച്ചയ്ക്ക് 2.30 മുതൽ ചുണ്ടൻ വള്ളങ്ങളുടെ ഹീറ്റ്സ് മത്സരങ്ങൾ ആരംഭിക്കും. വൈകിട്ട് 4ന് മന്ത്രി പി എ മുഹമ്മദ് റിയാസ് CBL ഉദ്ഘാടനം ചെയ്യും.

RNUTVPM

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ...........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ഏഷ്യാകപ്പ്**

ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റ് അവസാന ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ ഇന്ന് ഒമാനെ നേരിടും. ഗ്രൂപ്പ് എ യിൽ

നിന്ന് ഇന്ത്യയും പാകിസ്ഥാനും സൂപ്പർ ഫോറിലെത്തിയിട്ടുണ്ട്. ഇന്നലെ നടന്ന മത്സരത്തിൽ അഫ്ഗാനിസ്ഥാനെ ആറുവിക്കറ്റിന് തോൽപ്പിച്ച് ശ്രീലങ്ക ഗ്രൂപ്പ് ബി ജേതാക്കളായി.

❁❁❁❁❁❁❁❁❁❁❁❁❁

## യുഎൻ രക്ഷാസമിതി- ഗാസ

ഗാസയിൽ അടിയന്തരമായി ശാശ്വത വെടിനിർത്തൽ പ്രഖ്യാപിക്കണമെന്നും ബന്ദികളെ മോചിപ്പിക്കണമെന്നും ആവശ്യപ്പെട്ടുള്ള പ്രമേയത്തെ ഐക്യരാഷ്ട്ര രക്ഷാസമിതിയിൽ അമേരിക്ക വീണ്ടും വീറ്റോ ചെയ്തു. 21 ലക്ഷം പലസ്തീൻകാർക്ക് സഹായമെത്തിക്കാനുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കണമെന്ന് പ്രമേയത്തെ അനുകൂലിച്ച 14 അംഗങ്ങളും ഇസ്രയേലിനോട് ആവശ്യപ്പെട്ടു. രണ്ട് വർഷം മുമ്പ് ഇസ്രയേൽ യുദ്ധം ആരംഭിച്ചതിനുശേഷം യുഎൻ രക്ഷാസമിതിയിൽ അമേരിക്കയുടെ ആറാമത്തെ വീറ്റോ ആണിത്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## സേവാ പർവ്(ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ സ്ത്രീശാക്തീകരണത്തിനായി നടപ്പാക്കിയ

പ്രവർത്തനങ്ങളാണ് പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

*( വോയിസ്...വിജേഷ് )*
*( മ്യൂസിക്)*

❁❁❁❁❁❁❁❁❁❁❁❁❁

**സേവാ പർവ്(വോയിസ്)**

ഭരണഘടനാപരമായ സുരക്ഷ, അക്രമത്തിനും വിവേചനത്തിനും എതിരായ നിയമങ്ങൾ, പരിവർത്തന പദ്ധതികൾ എന്നിവ കൂടാതെ സ്ത്രീകൾ നയിക്കുന്ന വികസനത്തിലേക്കാണ് രാജ്യം ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ഹരിയാനയിൽ ബീമ സഖി പദ്ധതി ആരംഭിക്കവെ, സ്ത്രീമുന്നേറ്റത്തെ കുറിച്ച് പ്രധാനമന്ത്രി പറഞ്ഞ വാക്കുകളിലേക്ക്...
( വോയിസ് പ്രധാനമന്ത്രി )
ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതി രാജ്യത്ത് പ്രതീക്ഷിച്ച ഫലം നൽകിയതായാണ് വിലയിരുത്തൽ.

( മ്യൂസിക് )

❁❁❁❁❁❁❁❁❁❁❁❁❁

**ഓഹരി+സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 465 പോയിന്റ് ഇടിഞ്ഞ് 82,549 ലും

RNU TVPM

ദേശീയ ഓഹരി സൂചിക നിഫ്റ്റി 124 പോയിന്റ് നഷ്ടത്തിൽ 25,299 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില കൂടി. പവന് 120 രൂപ കൂടി 81,640 രൂപയും ഗ്രാമിന് 10,205 രൂപയുമാണ് ഇന്നത്തെ വില.

**ടി പത്മനാഭൻ**

മന്ത്രിമാരെ ബഹുമാനപ്പെട്ട എന്ന് അഭിസംബോധന ചെയ്യണമെന്ന സർക്കുലർ പിൻവലിക്കണമെന്ന് കഥാകൃത്ത് ടി പത്മനാഭൻ. ലഹരിക്കെതിരെ കണ്ണൂരിൽ കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ നടന്ന വാക്കത്തോൺ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

RNU TVPM